**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5501** **03-11-2021 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാത്ത് ലാബിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്ര കാത്ത് ലാബുകളാണ് പ്രവൃത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | രണ്ട്. |
| (ബി) | കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. സ്ഥാപിച്ച കാത്ത് ലാബ് നിലവിൽ പ്രവൃത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പ്രവൃത്തിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. |
| (സി) | കാത്ത് ലാബുകൾ പ്രവൃത്തിക്കാത്തത് കാരണം ചികിത്സാ പരിശോധന മുടങ്ങിയ രോഗികളുടെ എണ്ണം എത്രയെന്നും രോഗികൾക്ക് കാത്ത് ലാബ് സൗകര്യം ലഭിക്കുന്നതിന് നിലവിൽ എത്ര കാലതാമസ്സം വരുന്നുവെന്നും വിശദമാക്കാമോ; | (സി) | രണ്ടു കാത്ത് ലാബുകൾ ഉള്ളതിനാൽ അവിചാരിതമായ കാരണങ്ങളാൽ ഏതെങ്കിലും ഒരു ലാബിനു കേട്ടു വന്നാൽ അന്ന് ചെയ്യാനുള്ള കേസുകൾ മുഴുവനും പ്രവർത്തന ക്ഷമമായ ലാബിൽ രാത്രി വൈകിയാണെങ്കിലും ചെയ്തു തീർക്കുന്നുണ്ട് . |
| (ഡി) | കാത്ത് ലാബ് സൗകര്യത്തിനായി ആറു മാസം കഴിഞ്ഞുള്ള തീയതികൾ നിശ്ചയിച്ചു നൽകുന്നത് രോഗികളുടെ ജീവൻ അപകടത്തിലാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | വെയ്റ്റിംഗ് ലിസ്റ്റിൽ ഉള്ളവർക്ക് ഏതെങ്കിലും കാരണവശാൽ രോഗാവസ്ഥ കൂടുകയാണെങ്കിൽ അടിയന്തിരമായി അവരെ പരിശോധിക്കുന്നുണ്ട് . |
| (ഇ) | കാത്ത് ലാബുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിച്ച് യഥാസമയം ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ, വ്യക്തമാക്കാമോ? | (ഇ) | അവിചാരിതമായ കാരണങ്ങളാൽ കാത്ത് ലാബിന്റെ പ്രവർത്തനം സംബന്ധിച്ച് എന്തെങ്കിലും ബുദ്ധിമുട്ട് നേരിടുന്ന പക്ഷം ആയത് അടിയന്തിരമായി പരിഹരിച്ചു പോകുന്ന രീതിയാണ് സ്വീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ